**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **09-12-2022 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന ഡിപ്പോകളിൽ നിന്നും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പി ച്ചുകൊണ്ടുള്ള കെ.എസ്.ആർ.ടി.സി. സർക്കുലർ സർവ്വീസുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | അതാത് സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ ഏർപ്പെടുന്ന ഗതാഗത കരാർ വ്യവസ്ഥകൾക്ക് അനുസൃതമായാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളടക്കം പളനി, മൂകാംബിക, മധുര, വേളാങ്കണ്ണി, ശബരിമല, മണ്ഡയ്ക്കാട്, ആറ്റിൻകരപള്ളി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് നിലവിൽ സർവ്വീസ് നടത്തി വരുന്നുണ്ട്. എന്നാൽ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർക്കുലർ സർവ്വീസ് നടത്തുന്നതിന് നിലവിലെ അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ നിലവിലെ സാഹചര്യത്തിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല.<br><br>അന്തർ സംസ്ഥാന റൂട്ടുകൾ പുതുതായി ആരംഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുടെ അനുമതി ആവശ്യമാണ്. സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മറ്റ് സംസ്ഥാനങ്ങളുമായി ഗതാഗത കരാർ രൂപീകരിക്കുന്ന വേളയിൽ സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |
| (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും പഞ്ചപാണ്ഡവ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്കുലർ സർവ്വീസ് പുനഃസ്ഥാപിക്കുമോ; | (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും പഞ്ചപാണ്ഡവ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് നടത്തിയിരുന്ന സർവ്വീസ് വരുമാനക്കുറവ് കാരണം 2019 മുതൽ നിർത്തി വച്ചിരുന്നു. മതിയായ യാത്രക്കാർ ലഭ്യമാകുന്നത് അനുസരിച്ച് ബഡ്ജറ്റ് ടൂറിസം സെൽ മുഖേന പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും വിനോദസഞ്ചാര | (സി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും സാദ്ധ്യത |

| | | | |
|---|---|---|---|
| | സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | അനുസരിച്ച് വിനോദ സഞ്ചാര സർവ്വീസുകൾ നടത്തുന്നതിന് ബഡ്ജറ്റ് ടൂറിസം സെൽ സജ്ജമാണ്.<br><br>ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും നിലവിൽ നടത്തിവരുന്ന വിനോദ സഞ്ചാരയാത്രകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു;<br><br>• ചെങ്ങന്നൂർ വാഗമൺ<br>• ചെങ്ങന്നൂർ വണ്ടർലാ<br>• ചെങ്ങന്നൂർ നാലമ്പലം<br>• ചെങ്ങന്നൂർ മലക്കപ്പാറ<br>• ചെങ്ങന്നൂർ മൂന്നാർ - കാന്തല്ലൂർ<br>• ചെങ്ങന്നൂർ പഞ്ചപാണ്ഡവ ക്ഷേത്ര ദർശനം |

സെക്ഷൻ ഓഫീസർ